ഹാന്റ്ക്സ്

18(*197) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റ്ക്സ് ശ്രീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണിത്തരങ്ങൾ കെട്ടിക്കിടക്കുമ്പോഴും അവ വിറ്റഴിക്കാൻ കാണിക്കുന്നതിനേക്കാൾ താല്പര്യം അന്യസംസ്ഥാനങ്ങളിൽനിന്നും തുണിത്തരങ്ങൾ വാങ്ങുന്നതിൽ കാണിക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് സഹായകരമായ രീതിയിൽ ഹാൻറക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയതായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽനിന്നും ആവശ്യത്തിന് തുണിത്തരങ്ങൾ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ ശേഖരിക്കാറുണ്ട്. ഇത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്കുമേൽ അന്വേഷണം നടന്നുവരുന്നു.

(സി) അംഗസംഘങ്ങളെ കൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ വിപണന സാദ്ധ്യതയ്ക്ക് അനുസരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും അവ പരമാവധി സംഭരിച്ച് കൂടുതൽ വിൽപന നടത്തി പ്രാഥമിക സംഘങ്ങളെ സഹായിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന് തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം, ആധുനിക രീതിയിൽ ചായം പിടിപ്പിക്കൽ, പുതിയ ഡിസൈൻ തയ്യാറാക്കുന്ന രീതി, ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനവേതനം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും, തൊഴിലാളികൾക്ക് ആവശ്യമായ നൂൽ, ചായം മുതലായ അസംസ്കൃത വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങളുടെ കൂടുതൽ വിപണനത്തിന് വേണ്ടി ആഘോഷവേളകളിൽ പ്രത്യേക പ്രദർശന വിൽപ്പനശാലകൾ സംഘടിപ്പിച്ച് പരമാവധി വിൽപ്പന നടത്തുന്നതിന് ഹാന്റക്സ് പ്രത്യേകം ശ്രദ്ധിച്ചുവരുന്നു.

അനധികൃത ക്വാറികൾ

19(*198) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈസൻസില്ലാതെ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം അനധികൃത ക്വാറികൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പാറപൊട്ടിക്കലിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനും നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലൈസൻസില്ലാതെ 274 ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം ക്വാറികളുടെ പ്രവർത്തനം സ്റ്റോപ്പ് മെമ്മോവഴി നിരോധിക്കുകയും അനധികൃത ഖനനത്തിന് റോയൽറ്റിയും പിഴയും ഈടാക്കുകയും പിഴ ഒടുക്കാത്ത ക്വാറികൾക്കെതിരെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2015 പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) 1884-ലെ എക്സ്പ്ലോസീവ് ആക്ടും അതിന് അനുസൃതമായി തയ്യാറാക്കിയ ചട്ടങ്ങൾ, ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ അനുസരിച്ചാണ് ക്വാറികൾക്ക് എക്സ്പ്ലോസീവ് ലൈസൻസ് അനുവദിക്കുന്നത്. ബന്ധപ്പെട്ട ജില്ലാ കളക്ടർ, ജില്ലാ ഭരണകൂടം, പോലീസ് എന്നിവർ സമയബന്ധിതമായി പരിശോധനകൾ നടത്തി സ്ഫോടകവസ്തുക്കളുടെ അളവ്, അവ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള നിബന്ധനകളുടെ പാലനം എന്നിവ ഉറപ്പുവരുത്തുന്നു. മൈനിംഗ് ലീസ് മുഖാന്തിരം പ്രവർത്തിക്കുന്ന ക്വാറികളുടെ കാര്യത്തിൽ മൈൻ സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യയുടെ ബാംഗ്ലൂർ റീജിയണൽ ഓഫീസ് മുഖാന്തരവും പരിശോധനകൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly